(ബി) ഇതുമൂലം എൽ.പി/യു.പി. വിഭാഗങ്ങളിൽപ്പെടുന്ന ഏതെങ്കിലും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ തടസ്സപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു വിഭാഗത്തിലെ അദ്ധ്യാപകർക്ക്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഈ മാസത്തിൽത്തന്നെ പുസ്തകങ്ങൾ ലഭ്യമാക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

26 (2404) അംഗീകാരം റദ്ദാക്കിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ആർ ലതാദേവി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുടെ പേരിൽ സംസ്ഥാനത്തെ ചില സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കാൻ ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെണ്ണം; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കുറവുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അറിയിപ്പുകൾ ഒന്നും ഇതുവരെ കിട്ടിയിട്ടില്ല.

(ബി)&(സി) ബാധകമല്ല.

27 (2405) അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്താൻ നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവ് കണക്കിലെടുത്ത് അദ്ധ്യാപകരുടെ ജോലി സംരക്ഷണം ഉറപ്പുവരുത്തുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പിലാക്കും; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഡിവിഷൻ കുറവ്മൂലം അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു.

28 (2406) ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷൻ കുറഞ്ഞതുകൊണ്ട് എയ്ഡഡ് സ്കൂളുകളിൽ നിന്നും ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥി-അദ്ധ്യാപകാനുപാതം കുറച്ചാലും പുറത്തുപോയ അദ്ധ്യാപകരെ തിരികെ സർവീസിൽ പ്രവേശിപ്പിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടികളുടെ കുറവുമൂലം ഒരു അദ്ധ്യാപകനേയും പിരിച്ചു വിടരുത് എന്നതാണ് പ്രധാന ആവശ്യം. കൂടാതെ എല്ലാ എയിഡഡ് സ്കൂൾ ജീവനക്കാർക്കും പ്രൊട്ടക്ഷൻ നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ചു വരുന്നു.

(ഡി) ഇല്ല.

29 (2407) വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം നാടാർ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഏതു വർഷം വരെ കൊടുത്തിട്ടുണ്ട്;

(ബി) അതിനു ശേഷം ഈ സ്കോളർഷിപ്പുകൾ കൊടുക്കാതിരിക്കുവാൻ കാരണമെന്ത്;

(സി) ഈയിനത്തിൽ ഇപ്പോൾ എന്തു കുടിശ്ശികയുണ്ട്;

(ഡി) ഈ കുടിശ്ശിക മുഴുവൻ തീർത്തു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly